തോട്ടം തൊഴിലാളികളുടെ ആരോഗ്യക്ഷേമ പദ്ധതി

* 350. [376] ശ്രീ. കെ. കെ. തോമസ് :
,, കെ. സി. ജോസഫ് :
,, ജോസ് കുറ്റിയാനി :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിന് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതായി ഗവൺമെന്റിന് അറിവുണ്ടോ ;

(ബി) കുടിവെള്ളം, ശുചീകരണം, ചികിൽസ ഇവ ഉൾപ്പെടുത്തി തോട്ടം തൊഴിലാളികൾക്കുവേണ്ടി ഒരു ആരോഗ്യക്ഷേമ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഇല്ല.

(ബി) കേന്ദ്ര ഗവൺമെൻറിനോട് ഇങ്ങനെയൊരാവശ്യം ഉന്നയിക്കാമോ എന്ന് പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ് : തോട്ടം തൊഴിലാളി മേഖലയിൽ സമഗ്രമായ ആരോഗ്യക്ഷേമപദ്ധതി ആവിഷ്ക്കരിക്കുന്നതായി പത്രവാർത്തകളുണ്ടായിരുന്നു. അക്കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ സംസ്ഥാന ഗവൺമെൻറ് എന്തുനടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ : അങ്ങനെ ഒരു പദ്ധതി കേന്ദ്രഗവൺമെൻറ് ഉണ്ടാക്കിയിട്ടില്ല.

ശ്രീ. കെ. സി. ജോസഫ് : തോട്ടം തൊഴിലാളികൾ താമസിക്കുന്ന മേഖലകളിലെ അനാരോഗ്യകരമായ സാഹചര്യം പരിഗണിച്ചുകൊണ്ട് അവർക്ക് എന്തെങ്കിലും വേന നിർമ്മാണ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. ശിവദാസൻ : ഇത്തരം കാര്യങ്ങൾക്കുവേണ്ടി നിയമത്തിൽ വ്യവസ്ഥയുണ്ട്. അവർക്ക് ഹൗസിംഗ് സ്കീമുണ്ട്. അഡൈ്വസറി ബോഡിയുണ്ട്. ആ കാര്യങ്ങളൊക്കെ പരിശോധിച്ചു നടപ്പാക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. ജോസ് കുറ്റ്യാനി : തോട്ടം തൊഴിലാളികളുടെ താമസ സൗകര്യങ്ങളും. അത്യാപേക്ഷിതമായ ശുദ്ധജലം കിട്ടാനുള്ള സൗകര്യവും ചികിൽസക്കാവശ്യമായ മരുന്നു കിട്ടാനുള്ള സൗകര്യവും വളരെ കുറഞ്ഞിട്ടുണ്ടെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ പോരായ്മകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിനു ആലോചനയുണ്ടോ ? ഇല്ലെങ്കിൽ അങ്ങനെ പരിമിതികളുണ്ടെന്നു രേഖാമൂലം ആവശ്യപ്പെട്ടാൽ അതു പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. ശിവദാസൻ : ഇവരുടെ താമസത്തിൻെറയും ആരോഗ്യത്തിൻെറയും കാര്യങ്ങൾ എംപ്ലോയേഴ്സ് നോക്കേണ്ടതാണ്. അങ്ങനെ വ്യവസ്ഥ ചെയ്യുന്ന നിയമമുണ്ട്. അതു നടപ്പാക്കാനുള്ള ഉദ്യോഗസ്ഥൻമാർ എൻഫോഴ്സുമെൻറ് അതോറിറ്റിയോട് എൻഫോഴ്സു ചെയ്യുന്നുണ്ട്. അതിനു വയലേഷനുള്ള സ്ഥലങ്ങളിൽ ധാരാളം കേസുകളെടുത്തിട്ടുണ്ട്. ഇനി എന്തെങ്കിലും വയലേഷനുണ്ടെന്നു കാണിച്ചാൽ നിശ്ചയമായും കർശനമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. ഒ. ഭരതൻ : കേരളത്തിൽ മുമ്പ് ധാരാളം തൊഴിലാളികളെ വച്ചു പ്രവർത്തിപ്പിച്ചിരുന്ന പല തോട്ടങ്ങളും തുണ്ടുതുണ്ടായി മാറി. ആ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് നിയമത്തിൻെറ സംരക്ഷണങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുന്ന നടപടികൾ മാനേജുമെൻറുകൾ സ്വീകരിച്ചുവരികയാണ്. അതു ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി ചെറിയ തുണ്ടുകളായ തോട്ടങ്ങളെക്കൂടി നിയമത്തിൻെറ പരിധിക്കകത്തു പെടുത്തുന്നതിന് കേന്ദ്ര ഗവൺമെൻറിൽ എന്തെങ്കിലും സമ്മർദ്ദങ്ങളോ നിർബന്ധങ്ങളോ നമ്മുടെ സംസ്ഥാന ഗവൺമെൻറ് ചെലുത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനു കേന്ദ്ര ഗവൺമെൻറ് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശിവദാസൻ : തോട്ടത്തിൻെറ അവസാനത്തെ അമൻറുമെൻറ് അനുസരിച്ച് ഒരു പ്രത്യേക തീയതി പറഞ്ഞിട്ടുണ്ട്. ആ തീയതിക്കുശേഷം ഇതു തുണ്ടുതുണ്ടുകളായി മാറിയാലും ആ അസംപ്ഷൻ പരിഗണിച്ച് ബെനിഫിറ്റു കൊടുക്കണമെന്നുണ്ട്. അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനാവശ്യമായ നിയമ നിർമ്മാണം ആവശ്യമുണ്ടെന്നു കണ്ടാൽ കേന്ദ്ര ഗവൺമെൻറിനോട് അതിനുവേണ്ടി അഭ്യർത്ഥന പുറപ്പെടുവിക്കാവുന്നതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : തോട്ടം തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തെക്കുറിച്ചാണ് ചോദ്യം. അവർ താമസിക്കുന്ന ക്വാർട്ടേഴ്സ് ചോർന്നൊലിക്കുന്നുണ്ട്. അതാതു അവസരങ്ങളിൽ റിപ്പയർ ചെയ്യാത്തതുകൊണ്ടും വളരെയധികം ബുദ്ധിമുട്ടുണ്ട്. മൂട്ട കടിച്ച് അവരുടെ ഉള്ള രക്തം കൂടി വലിച്ചെടുത്തു ആരോഗ്യംപോലും നഷ്ടപ്പെടുത്തുന്ന നടപടിയാണ്. അതുകൊണ്ട് കാലാകാലങ്ങളിൽ ക്വാർട്ടേഴ്സ് റിപ്പയർ ചെയ്യിപ്പിക്കുന്നതിനു തോട്ടം മുതലാളിയോട് ആവശ്യപ്പെടുന്നതിനുവേണ്ടി നടപടിയെടുക്കുമോ ?

ശ്രീ. കെ. പി. ശിവദാസൻ : ഇതിനുവേണ്ടി പലപ്പോഴും കോൺഫറൻസുകൾ വിളിച്ചുകൂട്ടി അവരുടെ ക്വാർട്ടേഴ്സ് നന്നാക്കണമെന്നും അവരുടെ കാര്യം നോക്കണമെന്നും ഗവൺമെൻറ് നിർബന്ധം ചെലുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർ പരിശോധിച്ച് ധാരാളം കേസുകൾ എടുത്തുകൊണ്ടിരിക്കുന്നു. ഇതിൽ പലതിനും എംപ്ലോയേഴ്സിനെ ശിക്ഷിച്ചിട്ടുണ്ട്. അങ്ങനെ നടപടികൾ നടന്നു വരുന്നുണ്ട്. എല്ലാം പൂർണ്ണമായിരിക്കുകയില്ല. അതിന് എപ്പോഴും പരിമിതികളുണ്ടാകും. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടികാണിക്കപ്പെടുന്ന പരിതഃസ്ഥിതികളിൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള എല്ലാ നടപടികളും എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. വരദൻ : ഇപ്പോഴുള്ള പ്ലാൻറ്റേഷൻ ആക്ട്പടി കുടിവെള്ളം കൊടുക്കേണ്ടുന്നതാണെന്നു പറഞ്ഞാലും എസ്റ്റേറ്റ് സൊന്തക്കാരാർക്കൾ കുടിവെള്ളം കൊടുപ്പതില്ലാ. പ്ലാൻറ്റേഷൻ അലുവലകത്തിൽ തെറിയപ്പടുത്തിയാലും അങ്ങുള്ളവർക്കൾ വന്നു നുറ്റിപ്പാർത്തുവിട്ടു എന്തവിതമാന നടവടിക്കയും എടുക്കാമൽ പോയ്വിടുകിറുർക്കൾ. ആകയാൽ നമതു മാനില അരസു ഏതാവതു നടവടിക്കൈ എടുക്കുമാ ?

ശ്രീ. കെ. ശിവദാസൻ : നിശ്ചമായും പ്ലാൻറേഷൻ ഉദ്യോഗസ്ഥൻമാർ ഇതെല്ലാം കൊടുക്കേണ്ടതാണ് അവരുടെ സൗജന്യമായിട്ടല്ല, നിയമപരമായി തന്നെ അവർക്ക് ബാദ്ധ്യതയുണ്ട്. ഇതു എപ്പോഴും ചൂണ്ടിക്കാണിച്ചാലും അവരുടെ പേരിൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള എല്ലാ നടപടികളും എടുത്ത് നിയമം എൻഫോഴ്സ് ചെയ്യുന്നതാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി : തോട്ടം തൊഴിലാളികളുടെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ഇന്നു തന്നെയുള്ള ചില സ്റ്റാറ്റ്യൂട്ടറി നിയമമനുസരിച്ച് നടപടികളും എടുക്കേണ്ടതുണ്ട്. പ്ലാൻറേഷൻ ഇൻസ്പെക്ടർമാരും മാറും കേസ്സുകളും എടുക്കാതെ തോട്ടം ഉടമകളെ സഹായിച്ചുവരികയാണ് ചെയ്യുന്നത്. കുറെ കേസുകളും എടുത്തിട്ടുണ്ട്. ശിക്ഷിച്ചിട്ടുണ്ട് എന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതെല്ലാം നോർമലായ എന്തെങ്കിലും ഒരു 10 രൂപ ശിക്ഷിച്ചു എന്നല്ലാതെ, കാര്യമായ എന്തെങ്കിലും ശിക്ഷണ നടപടികളും നൽകത്തക്ക കേസുകളും എടുത്തിട്ടുണ്ടോ ? അങ്ങിനെ ഏതെങ്കിലും തോട്ടം ഉടമകളെ ശിക്ഷിച്ചിട്ടുണ്ടോ ? അതു ഒന്നു വ്യക്തമാക്കാമോ ?

ശ്രീ. കെ. ശിവദാസൻ : 1-5-1985 മുതൽ നവംബർ 86 വരെ 87 പ്രോസിക്യൂഷൻ കേസുകളും എടുത്തു. അതിൽ 28 കേസുകളിൽ ശിക്ഷിച്ചിട്ടുണ്ട്. 11 കേസുകളും വെറുതെ വിട്ടിട്ടുണ്ട്, 48 കേസുകളും പെൻറിംഗാണ്. അതു പോലെ മെഡിക്കൽ ഫെസിലിറ്റീസ് കൊടുക്കാതിരുന്നതിനു 5 കേസുകളും എടുത്തിട്ടുണ്ട്.

ബ്ലോക്കുകളും വഴി നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ

* 35 [377] ശ്രീ. പി. കുമാരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. വി. കെ. രാജൻ :
,, എം. കെ. കേശവൻ :
,, കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വികസന ബ്ലോക്കുകൾ വഴി നടപ്പാക്കുന്ന ഗ്രാമീണ ക്ഷേമപ്രവർത്തനങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നുകൊണ്ടിരിക്കുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് സ്ഥിരം വിജിലൻസ് + കമ്മറ്റി രൂപീകരിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly